നെടുമങ്ങാട് റവന്യൂ ടവറിന്റെ പണി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇതേവരെ ഏകദേശം 84% പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ നാലു മാസം കൊണ്ട് പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

എറണാകുളം റവന്യൂ ടവറിന്റെ പണി സാമ്പത്തിക പരാധീനത കാരണം നിർത്തിവച്ചിരിക്കുകയാണ്. ഏകദേശം 60% പണി പൂർത്തിയായിട്ടുണ്ട്.

(ബി) നെടുമങ്ങാട്, എറണാകുളം എന്നീ റവന്യൂ ടവറുകളുടെ നിർമ്മാണത്തിനായി യഥാക്രമം 278.40 ലക്ഷം രൂപയും 1127.36 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം റവന്യൂ ടവറിന്റെ പദ്ധതി ചെലവിലുണ്ടായ വർദ്ധനവ് അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മിനി സിവിൽ സ്റ്റേഷനുകളും റവന്യൂ ടവറുകളും**

13 (4292) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനിസിവിൽ സ്റ്റേഷനുകളും റവന്യൂ ടവറുകളും ഉണ്ട് ;

(ബി) നടപ്പു വർഷം എവിടെയെങ്കിലും മിനി സിവിൽ സ്റ്റേഷനോ റവന്യൂ ടവറുകളോ നിർമ്മിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ അവ അവിടെയെല്ലാമാണെന്ന് പറയുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 6 റവന്യൂ ടവറുകൾ ഉണ്ട്. മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ആറ്റിങ്ങൽ, റാന്നി, കാഞ്ഞിരപ്പള്ളി, മാനന്തവാടി, തൊടുപുഴ, കാസർകോഡ് എന്നീ താലൂക്കുകളിൽ റവന്യൂ ടവറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

**സർവ്വെ വകുപ്പിൽ വെട്ടിക്കുറച്ച തസ്തികകൾ**

14 (4293) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർവ്വെ വകുപ്പിലെ ഏതെല്ലാം തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എത്രയൊക്കെ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സർവ്വേയും ഭൂരേഖയും വകുപ്പ് തിരുവനന്തപുരം ഓഫീസിലെ ഉപയോഗയോഗ്യമല്ലാതായ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് ലേലം ചെയ്ത് വിറ്റതിനെ തുടർന്നുണ്ടായ താഴെ പറയുന്ന 20 അധിക തസ്തികകൾ നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | പ്രിന്റിംഗ് സൂപ്പർവൈസർ | - | 1 |
| 2. | ഫീഡർ | - | 1 |
| 3. | ഡെലിവറർ | - | 2 |
| 4. | ഹീലിയോ സിൻകോഗ്രാഫർ (ഗ്രാഡ് - 1 = 4, ഗ്രാഡ് 2 = 2) | - | 6 |
| 5. | ബ്ലൂപ്രിന്റർ | - | 2 |
| 6. | മാപ്പ് ബൈൻഡർ | - | 1 |
| 7. | മാപ്പ് മൗണ്ടർ | - | 1 |
| 8. | ഓപ്പറേറ്റീവുമാർ | - | 4 |
| 9. | ഡാർക് റൂം അസിസ്റ്റന്റ് | - | 1 |
| 10. | മെക്കാനിക് | - | 1 |
| | | | 20 |

**റീസർവ്വേ നടത്താത്തതുകാരണം കൈവശ സ്ഥലത്തിന് നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം**

15 (4294) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട അട്ടപ്പാടിയിലെ ആറ് വില്ലേജുകളിൽ റീസർവ്വേ നടത്താത്തതു നിമിത്തം കൈവശസ്ഥലത്തിന് നികുതിയടയ്ക്കാൻ കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റീസർവ്വേയ്ക്കുവേണ്ടി ബന്ധപ്പെട്ട രേഖകൾ സഹിതം പാലക്കാട് റീസർവെ ഡെപ്യൂട്ടി ഡയറക്ടർക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പരാതികളിന്മേൽ ഇതുവരെയായി എന്ത് നടപടി സ്വീകരിച്ചു :

(ഡി) പ്രസ്തുത നടപടിക്ക് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ പരാതികളിന്മേൽ എന്നത്തേക്ക് തീരുമാനമെടുത്ത് റീസർവ്വേ നടത്താൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly